2. മലിനജലം ഇപ്പോഴും ഒഴുക്കുന്ന സ്ഥലത്തിന് 6.4 കിലോമീറ്റർ താഴെ ചുങ്കപ്പള്ളിയിൽ ഒഴുക്കുക.

(സി) ഉണ്ട്.

(ഡി) 10.8.1977—ൽ കൂടിയ ബോർഡ് യോഗത്തിൽ ചുങ്കപ്പള്ളിയിൽ മലിനജലം ഒഴുക്കുന്നതിനു വേണ്ട പണികളും പുരോഗമിക്കുന്നില്ലെന്നുള്ള വസ്തുത പരാമർശ വിഷയമാക്കുകയുണ്ടായി. ഈ പണികളും പൂർത്തിയാക്കുന്നതിന് ഇനി കൂടുതൽ സമയം അനുവദിക്കേണ്ടതില്ലെന്ന് ബോർഡു തീരുമാനിച്ചു. നിർദ്ദേശങ്ങളും കമ്പനി നടപ്പിലാക്കാഞ്ഞതിന്റെ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 18.9.1977-ൽ മാനേജ്മെന്റിന് നോട്ടീസ് നൽകുകയുണ്ടായി. 30.11.1977-ൽ ഫാക്ടറി പണിമുടക്കു മൂലം അടച്ചിടുകയുണ്ടായി. ഫാക്ടറി 5.8.1978 ൽ പുനരാരംഭിച്ചപ്പോഴും തന്നെ മലിനീകരണ നിവാരണത്തിനാവശ്യമായ നടപടികളും സ്വീകരിച്ചു. ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് ഈ പ്രശ്നം 20.2.1979 ലെ ബോർഡിന്റെ അസാധാരണ യോഗം പരിഗണിക്കുകയും ഫാക്ടറി റയോൺസിനെതിരെ പ്രോസിക്യൂഷൻ നടപടികളും എടുക്കുകയും ചെയ്തിട്ടുണ്ട്.

ലാൻറ് അക്വിസിഷൻ നടപടികളും പൂർത്തിയാകാത്തതുകൊണ്ട് മുടങ്ങിയ റോഡു പണികൾ

* 498 [526] ശ്രീ. എ.വി. താമരാക്ഷൻ:

,, ത്യാഗരാജൻ:

,, കല്ലട നാരായണൻ:

,, ആർ. എസ്. ഉണ്ണി: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ലാൻറ് അക്വിസിഷൻ നടപടികളും പൂർത്തിയാകാത്തതുകൊണ്ട് എത്ര റോഡുകളുടെ പണി മുടങ്ങിക്കിടക്കുന്നു എന്ന് വ്യക്തമാക്കാമോ?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): 51.

അന്തരീക്ഷ മലിനീകരണം

* 499 [527] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലൂർ-എടയാർ-കളമശ്ശേരി മേഖലയിലെ അന്തരീക്ഷ മലിനീകരണം സംബന്ധിച്ച് 19.12.1978 ലെ മാതൃഭൂമിയിൽ വന്ന വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly